# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3231** — **19.06.2018-ൽ മറുപടിയ്ക്ക്**

**പാതയോരങ്ങളിൽ പൊതുശൗചാലയങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.രാജു എബ്രഹാം** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമായി പൊതുജനങ്ങൾക്ക് അടിസ്ഥാന ആവശ്യം സൗജന്യമായി നിർവ്വഹിക്കുന്നതിന് നിർമ്മിച്ച് നൽകിയ പൊതുശൗചാലയങ്ങളുടെ കണക്ക് ലഭ്യമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടുപയോഗിച്ച് ഗ്രാമപ്രദേശങ്ങളിൽ 53 പൊതുശൗചാലയങ്ങൾ പണിതിട്ടുണ്ട്. പൊതു ജനങ്ങൾക്ക് പ്രാഥമിക ആവശ്യങ്ങൾ സൗജന്യമായി നിർവഹിക്കുന്നതിന് 286 പൊതു ശൗചാലയങ്ങൾ ഗ്രാമപഞ്ചായത്തുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (നഗരം) ഫണ്ടുപയോഗിച്ച് വിവിധ നഗരസഭകളിൽ 2445 സീറ്റുകളുള്ള പൊതു ശൗചാലയങ്ങൾ പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നഗരസഭകൾ നിർമ്മിച്ചിട്ടുള്ള പൊതു ശൗചാലയങ്ങളുടെ വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |
| (ബി) പൊതു ഇടങ്ങളിലും പാതയോരങ്ങളിലും ജനങ്ങൾക്ക് സൗജന്യമായി ഉപയോഗിക്കാൻ കഴിയും വിധം ശൗചാലയങ്ങൾ നിർമ്മിക്കേണ്ടത് ജനതയുടെ അവകാശമായി കണ്ട് ഇതിന് വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ നിർബന്ധമായും പ്രത്യേകം തുക നീക്കിവെക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) ഗ്രാമപഞ്ചായത്തുകളുടെ വാർഷികപദ്ധതി യുടെ 10% വും നഗരസഭകളുടെ വാർഷിക പദ്ധതിയുടെ 15%വും ശുചിത്വ പരിപാലന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഫണ്ടിൽ നിന്നും പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് തുക വകയിരുത്തി ചെലവഴിക്കുവാൻ കഴിയും. മറ്റ് ധനസ്രോതസ്സുകളിൽ നിന്നും ക്രമപ്രകാരം ഫണ്ട് ഉപയോഗിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം പൊതു ശൗചാലയങ്ങൾ നിർമ്മിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ